13/5 5824 ...

പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589** 1-12-2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.കെ.കെ.ലതിക** | | **ശ്രീ.ഇ.പി.ജയരാജൻ** (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാസ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുംഅടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. കമ്പനികളുടെ പേരുവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള പ്രായപരിധിയും വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ച് സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 11/05/2015 ലെ സ.ഉ.(എം. എസ്.) നം.19/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ പ്രായ പരിധി 65 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ ഇത് ബാധകമാക്കിയിട്ടില്ല.<br>സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ തിരഞ്ഞെടുക്കുന്നതിനായി റിയാബ് മുഖേന 2012ൽ നടത്തിയ വിജ്ഞാപനത്തിൽ ബി.എസ്.സി എൻജിനീയറിംഗ് / ബി.ടെക് ഓട്ടുകൂടിയ എം.ബി.എ ആണ് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ എഴുപത് വയസ്സിന് മേൽ പ്രായമുള്ള മാനേജിംഗ് ഡയറക്ടറോ ജനറൽ മാനേജരോ നിലവിലുണ്ടോ ; | (സി) യും (ഡി) യും ഉണ്ട്. കെൽ, കൊല്ലം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ 70 വയസ്സിനു മേൽ പ്രായമുള്ളവരാണ്. |
| (ഡി) എങ്കിൽ സ്ഥാപനത്തിന്റെ പേരും പ്രസ്തുത തസ്തികയിൽ തുടരുന്ന വ്യക്തികളുടെ പേരും വ്യക്തമാക്കുമോ ? | |

| സ്ഥാപനത്തിന്റെ പേര് | മാനേജിംഗ് ഡയറക്ടറുടെ പേര് |
|---|---|
| കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | കമാൻഡർ (റിട്ട.) കെ.ഷംസുദ്ദീൻ |
| ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | ശ്രീ.കെ.പി. വർഗീസ് ജോൺ |

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാസ്ഥാപനങ്ങളിൽ 70 വയസ്സിനു മേൽ പ്രായമുള്ള ജനറൽ മാനേജർമാർ ആരും ഇല്ല.

സെക്ഷൻ ഓഫീസർ